പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 635 11-12-2012 - ൽ മറുപടിക്ക്

## നിയമ സഹായ ക്ലിനിക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>" ലൂഡി ലൂയിസ്:<br>" എ.പി. അബ്ദുള്ളക്കുട്ടി: | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി. |

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിയമസഹായ ക്ലിനിക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ : | ഉണ്ട്; സംസ്ഥാനത്ത് 184 നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. |
| (ബി) | എവിടെയെല്ലാമാണ് ഇത്തരം ക്ലിനിക്കുകൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകൾ, ബ്ലോക്ക്. ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ. കോടതികൾ, സന്നദ്ധ സംഘടനകൾ. മാനസിക രോഗാശുപത്രി, ബുദ്ധിമാന്ദ്യമുള്ള സ്ത്രീകൾക്കായുള്ള സ്ഥാപനം എന്നിവയോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ 184 നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന് താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയുടെ പാനലിലുള്ള അഭിഭാഷകരുടെ സേവനം വിനിയോഗിച്ചുവരുന്നു. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ നൽകുന്നു:- |

| | |
|---|---|
| തിരുവനന്തപുരം | 11 |
| കൊല്ലം | 20 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 12 |
| ഇടുക്കി | 27 |
| എറണാകുളം | 37 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 14 |
| മലപ്പുറം | 32 |

| | | |
|---|---|---|
| | | കോഴിക്കോട് — 5<br>വയനാട് — 12<br>കണ്ണൂർ — 0<br>കാസറഗോഡ് — 3<br>ആകെ — 164<br><br>ഇവയിൽ 26 നിയമ സഹായ ക്ളിനിക്കുകൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലാണ് പ്രവർത്തിക്കുന്നത്. |
| (സി) | എന്തെല്ലാം നിയമസഹായമാണ് നൽകുന്നത്; വിശദമാക്കുമോ; | 1987-ലെ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ 12-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന 8-ഓളം വരുന്ന പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച്, നീതി പീഠങ്ങളിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക്, തങ്ങളുടെ നിയമ പ്രശ്നങ്ങൾക്കുള്ള പരിഹാരവും നിയമോപദേശവും ഒരു പ്രാദേശിക സംവിധാനത്തിലൂടെ എളുപ്പത്തിൽ ലഭ്യമാക്കുക എന്നതാണ് നിയമ സഹായ ക്ളിനിക്കുകളുടെ പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത നിയമ സഹായ ക്ളിനിക്കുകളിൽ അഭിഭാഷകരും പാരാ ലീഗൽ വോളന്റിയർമാരും തങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവരുടെ നിയമ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും നിയമോപദേശം നൽകുകയും ചെയ്തുവരുന്നു. മേൽ നടപടി ആവശ്യമുള്ള കേസുകളിൽ കക്ഷികളെ അതാത് ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളെ സമീപിക്കാൻ വേണ്ട നിയമ സഹായം നിയമ സഹായ ക്ലിനിക്കുകൾ മുഖേന നൽകിവരുന്നു. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇവയുടെ പ്രവർത്തനവുമായി സഹകരിക്കുന്നത് ? | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ, സെൻട്രൽ ജയിൽ ഉൾപ്പെടെയുള്ള ജയിലുകൾ ബ്ളോക്ക്, ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോടതികൾ, കോളേജുകൾ, സ്കൂളുകൾ. ബുദ്ധിമാന്ദ്യമുള്ള സ്ത്രീകൾക്കായുള്ള സ്ഥാപനങ്ങൾ എന്നിവയാണ് നിയമസഹായ ക്ളിനിക്കുകളുമായി സഹകരിച്ച് പ്രവർത്തിച്ചു വരുന്നത്. |

ഉത്തരവിൻപ്രകാരം,

Rahul K.

സെക്ഷൻ ഓഫീസർ.